## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1240　　　　04.12.2014-ൽ മറുപടിയ്ക്ക്

## തർക്ക രഹിത ഭൂമിയ്ക്ക് കൈമാറ്റ അനുമതിയോടെ പട്ടയം

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കേരള ലാൻഡ് അസൈൻമെന്റ് ആക്ട് 1960 പ്രകാരം 1971 ഓഗസ്റ്റ് 31 വരെ ഭൂമി കൈവശം വച്ച് സ്ഥിര താമസമാക്കിയവർക്കും അവരുടെ പിന്തുടർച്ചക്കാർക്കും നാല് ഏക്കർ വരെ തർക്ക രഹിത ഭൂമിയ്ക്ക് കൈമാറ്റ അനുമതിയോടെ പട്ടയം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | 1960-ലെ കേരള ഭൂമി പതിവ് നിയമത്തിൽ ഇപ്രകാരം ഒരു വ്യവസ്ഥ നിഷ്കർഷിച്ചു കാണുന്നില്ല. എന്നാൽ, 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7(1) പ്രകാരം 01.08.1971 ന് മുൻപ് കൈവശം വച്ച് അനുഭവിച്ചു വരുന്ന സർക്കാർ ഭൂമികൾക്ക് പട്ടയം നൽകാൻ വ്യവസ്ഥയുണ്ട്. കൈവശ ഭൂമിയിൽ കാര്യമായ ദേഹണ്ഡങ്ങൾ ഉണ്ടാക്കിയിട്ടുള്ള പക്ഷം (valuable improvements) സമതലങ്ങളിൽ രണ്ട് ഏക്കർ വരെയും മലയോര മേഖലകളിൽ 4 ഏക്കർ വരെയും കൈമാറ്റ അനുമതിയോടെ പട്ടയം നൽകുന്നതിന് 30.09.2014 ലെ ജി.ഒ(പി) 425/14/ആർ.ഡി പ്രകാരം സർക്കാർ ചട്ടം ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം പട്ടയം ലഭിക്കാൻ അർഹതയുള്ളവർ സംസ്ഥാനത്ത് എത്രയാണെന്ന കണക്കുകൾ ജില്ല തിരിച്ച് നൽകാമോ; പട്ടയം നൽകുന്നത് സംബന്ധിച്ച പുതിയ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരു പകർപ്പ് ലഭ്യമാക്കാമോ; | ഇപ്രകാരം പട്ടയം ലഭിക്കാൻ അർഹതയുള്ളവർ എത്രയാണെന്ന കണക്കുകൾ ശേഖരിച്ചിട്ടില്ല. 03.03.2005-ലെ ജി.ഒ(പി)63/2005/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം പതിച്ചു നൽകാവുന്ന സർക്കാർ ഭൂമിയുടെ വിസ്തീർണ്ണം സമതലങ്ങളിൽ 50 സെന്റും മലയോര മേഖലയിൽ ഒരു ഏക്കറുമായി നിജപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിരുന്നു. ടി ഉത്തരവിന് മുമ്പുണ്ടായിരുന്ന വ്യവസ്ഥകൾ പുനഃസ്ഥാപിച്ചുകൊണ്ടും പതിച്ചു |

| | | |
|---|---|---|
| | | നൽകുന്ന കൈവശ ഭൂമിയ്ക്ക് കൈമാറ്റ അനുമതി നൽകിക്കൊണ്ടും 30.09.2014-ലെ ജി.ഒ(പി) 425/14/ആർ.ഡി പ്രകാരം ചട്ടം ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇപ്രകാരം പട്ടയത്തിനായി അപേക്ഷിച്ചിട്ടുള്ളവർ എത്ര; എത്രപേർക്ക് ഇതിനകം പട്ടയം നൽകുകയുണ്ടായി; പുതിയ ചട്ടങ്ങൾ പ്രകാരം ഇതിനകം പട്ടയം ലഭ്യമാക്കിയ മൊത്തം ഭൂമി എത്രയാണ്; വിശദമാക്കാമോ? | 30.09.2014-ലെ പ്രസ്തുത ഉത്തരവ് നിലവിൽ വന്നതിന് ശേഷം പട്ടയത്തിനായി ലഭിച്ച അപേക്ഷകളുടെ വിവരം ശേഖരിച്ചിട്ടില്ല. |

C. K. V. Kunny

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്